സ്കൂൾ മാഗസിൻ

**LITTLE KITES .......................GFVHSS CHERUVATHUR**




# DIGITAL MAGAZINE-----

***by kite students***

ജി വി എച്ച് എസ് എസ് കാടംങ്കോട്

# HEADMISTRES

**M V SAROJINI**



**LITTLE KITE -MASTER&MISTRES**

**JYOTHIBASU**

**MINIMOL M V**

# CLASS WISE ---PHOTOS



## CLASS—10D



## CLASS ----10E



**CLASS-10C**



**CLASS------10B**



# CLASS 10 A





# CLASS 9

## CLASS 9C



## CLASS  9E



**CLASS 9D**

*സ്കൂൾ മാഗസിൻ*



CLASS8E

ജി വി എച്ച് എസ് എസ് കാടംകോട്



***CLASS 8A***



**CLASS 8C**

**CLASS 8E**





CLASS 8B

# കേരളത്തെക്കുറിച്ച്............................

## തലസ്ഥാനം...തിരുവനന്തപുരം

**ജില്ലകൾ..........തിരുവനന്തപുരം ,കൊല്ലം,പത്തനംത്തിട്ട,ആലപ്പുഴ,കോട്ടയം,ഇടുക്കി,എറണാകുളം,**

**തൃശ്ശൂർ,പാലക്കാട്,മലപ്പുറം കോഴിക്കോട്,വയനാട്,കണ്ണൂർ,കാസർകോട്.**

അതിർത്തികൾ

പടിഞ്ഞാറ്-അറബിക്കടൽ,വടക്കുകിഴക്ക്-കർണാടകം,കിഴക്കുതെക്ക്-തമിഴ് നാട്

ചരിത്രം

ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന പുനഃസംഘടനയുടെഭാഗമായി 1956 നവംബർ 1-ന കേരളം നിലവിൽ വന്നു.

പ്രധാനനദികൾ: കേരളത്തിൽ 44 നദികളുണ്ട്. ഇതിൽ 3 എണ്ണം കിഴക്കോട്ട് ഒഴുകുന്നവയാണ്.

കൃഷി: നെല്ല്,തേങ്ങ,റബ്ബർ,വാഴ എന്നിവയാണ് പ്രധാന കാർഷിക വിളകൾ.

വ്യവസായം: വ്യവസായങ്ങൾ കുറവാണ്. ഐ.ടി മേഖലയിൽ വളർച്ച കൈവരിക്കുന്നു.

# ക്വിസ്

1).ശ്രീലങ്കയിലെ സിംഗാൾ രാജ്യത്തെ രാജകുമാരിയുടെ വളർത്തുതത്തയായിരുന്ന ഹീരാമണി.തത്തയോടുള്ള മകളുടെ അമിത സ്നേഹം ഇഷ്ടപ്പെടാതിരുന്ന അച്ഛൻ അതിനെ കൊല്ലാൻ കൽപ്പിച്ചു.എന്നാൽ, അവിടെനിന്ന് രക്ഷപ്പെട്ട തത്ത ഒരു പക്ഷിവിൽപ്പനക്കാരൻ വഴി ചിറ്റോറിലെ രാജാവിന്റെ കൈകളിൽ എത്തിച്ചേർന്നു. ഈ തത്തയിൽനിന്ന് രാജകുമാരിയുടെ സൗന്ദര്യത്തെക്കുറിച്ചറിഞ്ഞ ചിറ്റോർ രാജാവ് രത്തൻസെൻകുമാരിയെ കല്യാണം കഴിക്കുകയായിരുന്നുവത്രെ.ആ രാജകുമാരിയുടെ പേരിൽ കഴിഞ്ഞ വർഷം ഇറങ്ങിയ ചലച്ചിത്രം ഏറെ ശ്രദ്ധനേടി.ആരായിരുന്നു ആരാജകുമാരി?

2).ജോൺപോൾരണ്ടാമൻമാർപാപ്പയ്ക്ക്ഇദ്ദേഹത്തിന്റെപ്രവൃത്തികളോട്എതിർപ്പായിരുന്നു.നിങ്ങൾ പ്രപഞ്ചത്തെകുറിച്ച് പഠിച്ചോളൂ. എന്നാൽ,പ്രപഞ്ചത്തിന്റെ ഉത്പത്തി ദൈവസൃഷ്ടിയാണ്,അത് ഗവേഷണം ചെയ്യേണ്ടതില്ല എന്ന് വത്തിക്കാനിൽ നടന്ന ഒരു കോൺഫറൻസിൽ മാർപാപ്പയുടെ ഇച്ഛയ്ക്കെതിരായി ഗവേഷണം നടത്തിയ,ഗലീലിയോയുടെ 300-ാം ചരമവാർഷികത്തിൽ ജനിക്കുകയും ഐൻസ്റ്റൈന്റെ 139-ാംജന്മവാർഷികദിനത്തിൽ മരിക്കുകയും ചെയ്ത ഈ പ്രശസ്തവ്യക്തിയാര്?

3).199-ൽ പദ്മശ്രീയും 2016-ൽ പദ്മവിഭൂഷണം നൽകി രാഷ്ട്രം ആദരിച്ച ഈ വ്യക്തിയുടെ നിർമിതികളാണ് ഭാരതത്തിന്റെ ഔദ്യോഗികസമ്മാനമായി ഒട്ടേറെ രാജ്യങ്ങൾക്ക് നൽകപ്പെട്ടത്.നെഹ്റുവിന്റെ കാലം മുതൽ അനശ്വരമായ ഒട്ടേറെ സൃഷ്ടികൾ ഈ കലാകാരന്റേതായിട്ടെങ്കിലും അദ്ദേഹത്തിനെ ലോകപ്രശസ്തമാക്കിയത്2018- ലെ ഒരു സൃഷ്ടിയാണ്.ആരാണീ കലാകാരൻ?ഏത് സൃഷ്ടി?

4).1994 -ൽ ഡൽഹി ആസ്ഥാനമായി സ്ഥാപിതമായ ഒരു സംഘടനയാണ് നാസ് ഫൗണ്ടേഷൻ .ലൈംഗീകാരോഗ്യം ഉറപ്പുവരുത്തുകയെന്ന പ്രധാനലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന നാസ് ഫൗണ്ടേഷൻ സ്ഥാപിച്ചത് അഞ്ജലി ഗോപാലനാണ്. എന്നാൽ, ഈ സംഘടന സമൂഹശ്രദ്ധ പിടിച്ചു പറ്റുന്നത് 2001-ൽ അഞ്ജലി ഗോപാലൻ നൽകിയ ഒരു പൊതുതാത്പര്യ ഹർജിയിലൂടെയാണ്.2018-ൽ ഈ വിഷയത്തിൽ ഒരു നിർണായകതീരുമാനം സുപ്രീംകോടതി കൈക്കൊള്ളുകയുംചെയ്തു. എന്തിനെ സംബന്ധിച്ചായിരുന്നു ആ വിധി?

5).ലോകാരോഗ്യസംഘടന ഡയറക്ടർ ജിം കാംപൽ ഈയിടെ ലോകത്തിന്റെ വിവിധയിടങ്ങളിൽ മരണമടഞ്ഞആതുരസേവകർക്ക്ആദരമർപ്പിക്കുകയുണ്ടായി.ലൈബീരിയയിൽഎബോളയ്ക്കെതിരേ പ്രവർത്തിച്ച സോലമി കർവ,ഗാസയിൽ ഇസ്രായേൽസൈന്യത്തിന്റെ നെടിയേറ്റു മരിച്ച റസൻ അൽ നജ്ജാർ എന്നിവരായിരുന്നു രണ്ടുപേർ.മൂന്നാമത്തെ ധീര വനിത ആരായിരുന്നു?

6). 'അനുപമ കൃപനിധിയഖില ബാന്ധവൻ ശാക്യജിനദേവൻ ധർമരശ്മി ചൊരിയും നാളിൽ,ഉത്തര

മധുരാപുരിക്കത്തരോപാന്തത്തിലുള്ള വിസ്തൃത രാജവീഥിതൻ കിഴക്കരികിൽ' എന്നത് പ്രശസ്തകവിയുടെഒരു കവിതയുടെ ആദ്യ.വരികളാണ്.1923-ൽപുറത്തിറങ്ങിയ ഈ കവിതയെഴുതിയ കവി 1924-ൽ ബോട്ടപകടത്തിൽ മരിച്ചു.ഈ കവിതയുടെ പേരിൽതന്നെയാണ് 2018- ലെ ഒരു പ്രധാന ഓപ്പറേഷനും നടത്തിയ.ഏതാണ് കവിത?

7).സൗദി അറേബ്യയിലെ ആദ്യത്തെ രാജാവായിരുന്ന അബ്ദുൾ അസീസ് അൽ സൗദിന്റെ കുടുംബ ഡോക്ടരായിരുന്ന മുഹമ്മദ് ഖാലിദ്.അദ്ദേഹത്തിൻെറ ഒരു പേരക്കുട്ടിയായിരുന്ന ദോദി ഫയെദ്. 1991 ൽപാരീസിൽ വെച്ച്ഡയാനരാജകുമാരിയുടെ കൂടെ ഒരപകടത്തിൽദോദി ഫയദ് കൊല്ലപ്പെട്ടു.മുഹമ്മദ്ഖാലിദിൻെറ മറ്റൊരു പേരക്കുട്ടി 2018 ൽവാർത്തകളിൽ ഇടം നേടി.ആര് ?

# ഉത്തരങ്ങൾ

**1. റാണി പത്മിനി**

**2. സ്റ്റീഫൻ ഹോക്കിങ്സ്**

**3. റാംവാൻജി സുതാർ [ സ്റ്റാച്യു ഓഫ് യൂണിറ്റി]**

**4. സെക്ഷൻ 377 [ സ്വവർഗരതി നിയമാനുസൃതമാക്കികൊണ്ടുള്ള വിധി ]**

**5. ലിനിപുതുശ്ശേരി**

**6. കരുണ**

**7. ജമാൽ ഖഷോഗി**

# കവിത കണ്ണേ മടങ്ങുക........................

കാറ്റിന്റെ ശബ്ദവും പ്രകൃതിതൻ ഭാവവും
അമ്മയാംഭൂമിതൻ ലാവണ്യവും
രൗദ്രമായി മാറുന്ന നാടിന്റെ ഭാവവും
കലിതുള്ളി വന്നിതാകാലവർഷം.
ഈയുഗം നാശത്തിലമരുവാൻ പോയൊരാ
നിമിഷത്തെ നാമെന്നുമോർത്തിടണം.
ക്ഷോഭിച്ചു നിൽക്കുന്ന കടലമ്മയും
കൂട്ടിനായിരം പെരുമഴത്തുള്ളികളും...
എല്ലാത്തിനും സാക്ഷിയായിതാ മാറുന്നു
അമ്മയാം ഭൂമി തൻ ലാവണ്യവും
മാമലക്കുന്നിന്റെ മേളിലോ കണ്ണഞ്ചും
വൃക്ഷങ്ങൾ മൺമറഞ്ഞെങ്ങുപോയി...
ഏഴുനിലകളും മാളികയും ഇന്ന്
വെറുമൊരു ഓർമതൻ ബാക്കിപത്രം...
ഒറ്റപ്പെടുത്തുന്ന കടലമ്മതൻ മക്കൾ
രക്ഷപ്പെടുത്താൻ കൂട്ടുവന്നു...
ജീവനും ത്യാഗവും ജീവിതവും ഇന്ന്
ഓർമപ്പെടുത്തലായ് മാറിടുന്നു...
നാടിനെ വെള്ളത്തിലാഴ്ത്തിയ പ്രളയവും
ശേഷം വരുന്ന വരൾച്ചയും ഇന്ന്
പ്രകൃതി തൻ പ്രതിഷേധമായിമാറി...
സർവം സഹിക്കുന്ന ഭൂമി തൻ പ്രതിഷേധം
പ്രകൃതി പ്രക്ഷോഭമായ് ഇന്നു കണ്ടു...
മാറുന്ന തലമുറ ചെയ്യുന്ന കാര്യങ്ങൾ
സർവനാശത്തിന്റെ കാരണമായ്...
കണ്ണേ മടങ്ങുക,
അമ്മയാം ഭൂമി തൻ മാറിലേക്ക്...

ഐശ്വര്യ 10a

**പുതിയകാലം നമ്മോടുപറയുന്നത്            ........................**

പുതിയ കാലം നമ്മോട് ആവശ്യപ്പെടുന്നതെന്താണ്............................

നാടോടുമ്പോൾ നടുവേ ഓടണം കാലത്തിനൊത്ത് കോലം മാറണം തുടങ്ങിയ പഴഞ്ചൊല്ലുകൾ വളരെയധികം പ്രസിദ്ധിയാർജ്ജിച്ച ഒരു കാലത്താണ് നാമിന്ന് ജീവിക്കുന്നത് . മാറിവരുന്നലോകവും അതിനനുസരിച്ച് മാറുന്ന ജനങ്ങളുമുള്ള ഒരു യുവതലമുറയാണ് ഇന്നത്തെ സമൂഹത്തിൽ എന്നാൽ ലോകത്തെ ഉന്നതിയിൽ എത്തിക്കാനുള്ള പല സാധ്യതകളും ഇക്കാലത്തുണ്ട്.

അതിനെ ഫലപ്രദമായി വിനിയോഗിക്കാത്ത രീതിയിൽ യുവാക്കളുടെ മനോഭാവം മാറുമ്പോഴാണ് ഈ സാധ്യതകൾ ഒക്കെ വെറും ഒരു വാക്കു മാത്രം എന്ന നിലയിലേക്ക് ചുരുങ്ങുന്നത്.

പല വിപ്ലവങ്ങൾക്കും വഴിത്തിരിവാകുന്നഈ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ, ഇൻറർനെറ്റിന്റെയും പല പുതിയ കണ്ടുപിടുത്തങ്ങളുടെയും സഹായംഉള്ളതുകൊണ്ടുതന്നെ നാടിനെ ഒരു മികച്ച നിലവാരത്തിലേക്ക് ഉയർത്താൻ ഇന്നത്തെ യുവാക്കൾക്ക് കഴിയും.എന്നാൽ ലഹരിയും മയക്കുമരുന്നിനും കഞ്ചാവിനും അടിമപ്പെട്ടുപോയ ഇന്നത്തെ യുവത്വങ്ങൾ എല്ലാത്തിനെയും ദുരുപയോഗം ചെയ്യുന്നു..

നവമാധ്യമങ്ങളുടെ കടന്നുകയറ്റം ലൈബ്രറി, ഗ്രൗണ്ട് പോലുള്ളസ്ഥലങ്ങൾക്ക് വംശനാശം സംഭവിക്കാൻ കാരണമായെങ്കിലും, ലോകം മുഴുവൻ ഒരുവിരൽത്തുമ്പിൽ കിട്ടാൻ കൂടി കാരണമായി . നവമാധ്യമങ്ങളിലൂടെരൂപംകൊള്ളുന്ന കൂട്ടായ്മകൾ വഴി.നാടിന്റെ വികസനത്തിന് കാരണമാക്കാം. ഇത്തരം കൂട്ടായ്മകൾ സ്വാന്ത്വന പരിപാടികൾക്ക് തുടക്കം കുറിക്കാം .ഒഴിവുസമയം ഓൺലൈനിൽ ചെലവഴിക്കുന്ന യുവത്വങ്ങൾ നല്ല കാര്യങ്ങൾ ചെയ്യുന്നത് നാടിനും നാട്ടുകാർക്കും ഗുണകരമായിരിക്കും.

പ ല നല്ല പ്രവർത്തനങ്ങളുടെ അടിസ്ഥാന തത്വം സൗഹാർദവും ഒത്തൊരുമയുമാണ്... " നാനാത്വത്തിൽ ഏകത്വം എന്ന വാക്യം ഏറ്റവുമധികം സമകാലീന പ്രസക്തി ആർജിക്കുന്ന ഒന്നായി മാറിയിരിക്കുകയാണ് ഇന്ന്. പ്രളയം എന്ന പ്രകൃതിക്ഷോഭം നാശം വിതച്ച കേരളത്തിൽ കുട്ടായ്മയുടെയുംഐക്യത്തിന്റെയും ഏറ്റവും മികച്ച തെളിവുകൾ ഇന്നും അവശേഷിക്കുന്നു..

ഒരിക്കലും കണ്ടിട്ടില്ലാത്ത സഹോദരങ്ങൾക്ക് വേണ്ടി ജീവൻ കളഞ്ഞ് രക്ഷാപ്രവർത്തനങ്ങൾക്കിറങ്ങിയ യുവാക്കളും രാപ്പകലില്ലാതെ ഊണും ഉറക്കവും ഉപേക്ഷിച്ച് സഹായിച്ച ഫേസ്ബുക്ക് വാട്സപ്പ് കൂട്ടായ്മകളും നമ്മുടെ നാട്ടിലുണ്ട്. ഒരുപക്ഷേ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ കേരളം കണ്ട ദുരന്തങ്ങളിൽ വലിയ ഒന്നായിരിക്കാം ആഗസ്റ്റ്മാസത്തിലെ പ്രളയം...........

ജി വി എച്ച് എസ് എസ് കാടംകോട്

അന്ന് രക്ഷാപ്രവർത്തനങ്ങൾക്ക് രംഗത്തിറങ്ങിയത് മത്സ്യത്തൊഴിലാളികളും ഒരുകൂട്ടം യുവാക്കളും ആയിരിക്കും.

വികസനങ്ങൾക്കും സ്വന്തം സുഖസന്തോഷത്തിനുംവേണ്ടി പ്രകൃതിയെ നശിപ്പിക്കുമ്പോൾ ,പ്രകൃതിയുടെ നിസ്സഹ കരണം ആയിരിക്കാം ഈ കാണുന്ന ദുരന്തങ്ങൾ. പുതിയ തലമുറയ്ക്ക്പ്രകൃതിനൽകുന്ന സന്ദേശമായിരിക്കാംഇവയൊക്കെ.

യുവാക്കൾ ഭാവി വാഗ്ദാനങ്ങളാണ് --- ഡോക്ടർ എപിജെ അബ്ദുൽ കലാമി ന്റെ വാക്കുകൾ തികച്ചും പരിപൂർണ്ണതയിൽ എത്തേണ്ട കാലമാണ് ഈ വർത്തമാനകാലം. അതിനുള്ള സാധ്യത ഇക്കാലത്ത് ഉണ്ട് കൂട്ടായ്മകളിലൂടെ വിപ്ലവങ്ങൾ സൃഷ്ടിക്കാവുന്ന കാലമാണ് ഇന്ന് രക്തബന്ധത്തെ പോലും തിരിച്ചറിയാത്ത മനുഷ്യർ ഉള്ള വർത്തമാനകാലത്ത് കാലം നമുക്ക് വലിയ സന്ദേശങ്ങളാണ് തരുന്നത്. മനുഷ്യൻ മനുഷ്യനെ കൊല്ലുന്നു, മനുഷ്യ ജീവനെക്കാൾ വില മൃഗങ്ങൾ നൽകുന്നു.... തുടങ്ങി നിരവധി അനീതിനട മാടുന്ന ഈ കാലത്ത് മനുഷ്യർ ലോകം മാറുന്നതിനൊത്ത് ജീവിക്കണം എന്ന സന്ദേശമാണ് ലഭിക്കുന്നത് ആവശ്യം നിറവേറ്റാനുള്ള ഒരു ഉപാധി മാത്രമാണ് പുതിയകാലം സാഹചര്യങ്ങളോട് പൊരുത്തപ്പെട്ട് ജീവിക്കാൻ പുതിയ ലോകം നമുക്ക് പഠിപ്പിച്ചുതരുന്ന ഫേസ്ബുക്ക് വാട്സ്ആപ്പ് ഇൻസ്റ്റഗ്രാം ട്വിറ്റർ തുടങ്ങി അനേകം സാധ്യതകൾ ഇക്കാലത്ത് ഉണ്ട് വിശാലതയോടെ പ്രവർത്തിക്കാനും പെരുമാറാനും മാറ്റങ്ങൾ സൃഷ്ടിക്കാനും ട്രെയിൻ തീപാറുന്ന ഉന്മേഷം കാണിക്കാനും പുള്ള് ക്ലാര ഉണ്ടാവുന്ന പ്രായമാണ് യുവത്വം യുവാക്കൾ മുന്നിട്ടിറങ്ങി ലോകത്തെ നേർവഴിയിൽ എത്തിക്കാനും മികച്ച മാറ്റം ഉണ്ടാക്കാനും പുതിയ ലോകത്തോട് നമ്മുടെ ആവശ്യപ്പെടുന്നു..........................................

അഞ്ജിമ

*സ്കൂൾ മാഗസിൻ*

ജി വി എച്ച് എസ് എസ് കാടംകോട്

STORY.......... It was a dream........

Lora woke up very late .The servent came in to her room with bed coffee.She came to the down floor and take a bath.She started her make up work to go to school.Her mummy was preparing breakfast Lora asked “Mom where is dad ?” He went to office.Mom replied She opened the door and her father's car was not their. The school bus came.Lora put on her bag and give a kiss to her mother.She wasn't not in uniform Because today is her birthday .Her dress was A big frock and it look so nice. She went school by the school Bus.She invited her friend to the birthday party .

At evening Lora's Friend and family came their with gifts.Lora was so exicted to see her father's gift.Her father slowly opened the gift box.she wondered .

Suddenly a rain drop fell on her face Lora woke up.It was raining heavily outside .Her home was not well built .There are many holes in the roof.her mother asked”what happened?” “Oh! It was only a dream “Lora replied in a dispite voice .Lora felt disappointed and she murmed What would be the gift?"

## പ്രൈമറി വിഭാഗം

ശാസ്ത്ര പരീക്ഷണ കളരികൾ

നാടക ക്യാമ്പ്

ഗണിതലാബ്

കലാകായിക പ്രവൃത്തി പരിചയ പരിശീലനങ്ങൾ

ജില്ലാ തലത്തിൽ അംഗീകരിക്കപ്പെട്ട സീഡ് നക്ഷത്രവനം പദ്ധതി

ഫീൽഡ് ട്രിപ്പുകൾ ബഡിങ് ഗ്രാഫ്റ്റിങ് പരിശീലനം

സാശ്രയ നിർമ്മാണ യൂണിറ്റുകൾ ജൈവവൈവിധ്യ ഉദ്യാനം

## ഹൈസ്കൂൾ വിഭാഗം

cen@ 18 എസ്എസ്എൽസി രാത്രികാല തീവ്ര പരിശീലന പദ്ധതി പരിപാടി

ജനകീയ ധന ജനകീയ ധന സമാഹരണത്തിലൂടെമുഴുവൻ ക്ലാസ് ക്ലാസ്സ് മുറികളുടേയും ഹൈടെക് വൽക്കരണം

കുട്ടിയെ അറിയാൻ   ഏകദിന ഗൃഹ സന്ദർശന പരിപാടി

എൻ എം എം എസ് മോണിങ്ങ് ക്യാമ്പും  മാതൃക പരീക്ഷകളും

ജൂൺ to മാർച്ച് ഈവനിംഗ് മോർണിംഗ് ക്ലാസ്സുകൾ

വിശാലമായ കളി മൈതാനം

സുസജ്ജമായ ലൈബ്രറി ലാബ് സംവിധാനം

കലാകായിക ശാസ്ത്രോത്സവം മേളകളിൽ മുന്നേറ്റം

ദീർഘദൂരം  എക ദിന പഠനയാത്രകൾ

പെൺകുട്ടികൾക്ക് സുരക്ഷ ഉറപ്പുവരുത്തി സെൽഫ് ഡിഫൻസ് ക്ലാസ്സുകൾ




sports day




PTA PRESIDENT SALUTING THE FLAG

## പ്രളയദുരിതാശ്വത്തിന്............ഒരു കൈതാങ്ങ്........




## സ്കൂൾ ലൈബ്രറി.............................






# സ്കൂൾ അസംബ്ലി




## ജൂൺ 5

## പരിസ്ഥിതി ദിനം

# നന്ദി..................................